## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നഗരവികസന മാസ്റ്റർ പ്ലാനുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1731 16.03.15- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.മമ്മൂട്ടി | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ബഹു.നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | നഗരവൽക്കരണത്തിന് ആനുപാതികമായി നഗരങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനുതകുന്ന മാസ്റ്റർ പ്ലാനുകളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | നഗര-ഗ്രാമാസൂത്രണ നിയമപ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതത് നഗരസഭകളാണ്. വിവരശേഖരണം, വിവര വിശകലനം, സംയോജിത വികസന സങ്കല്പം രൂപീകരിക്കൽ, പ്ലാൻ രൂപീകരിക്കൽ (റിപ്പോർട്ട് തയ്യാറാക്കൽ ഉൾ പ്പെടെ) എന്നിങ്ങനെയുള്ള വിവധ ഘട്ടങ്ങളുള്ള ഒരു പ്രക്രിയയിലൂടെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. മാസ്റ്റർ പ്ലാനുകൾ, മൾട്ടി ഡിസിപ്ലിനറി, മൾട്ടി ലെവൽ, ലോങ്ങ് റേഞ്ച് പ്ലാനുകളാണ്. ഓരോ പ്രദേശത്തിന്റെയും സവിശേഷതകളും വികസന സ്വഭാവവും, വികസന പ്രശ്നങ്ങളും പൂർണ്ണമായി മനസ്സിലാക്കി മാത്രമേ പ്രദേശത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് സാധിക്കുകയുള്ളൂ. ഇതിന് വളരെ വിശദമായ പഠനവിശകലനങ്ങൾ വേണ്ടി വരും. |

| | | | |
|---|---|---|---|
| | | | ഭൂവിനിയോഗ സർവ്വേ, ഗതാഗത സർവ്വേ, സാമൂഹ്യ-സാമ്പത്തിക സർവ്വേ തുടങ്ങി വിവിധ പ്രാഥമിക സർവ്വേകൾ, വിവിധ മേഖലകളെക്കുറിച്ചുള്ള പ്രാഥമിക/ദ്വിതീയ വിവരശേഖരണം, stake holder consultations, ചർച്ചകൾ, സെമിനാറുകൾ എന്നിവ വിവര ശേഖരണ ഘട്ടത്തിൽ നടത്തേണ്ടതുണ്ട്. തുടർന്ന് വിവര വിശകലനങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന envisioning-നെ തുടർന്ന് കരട് പ്ലാൻ രൂപീകരിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ മാസ്റ്റർ പ്ലാനിന്റെ കരട് രൂപം മാത്രമാണ് തയ്യാറാക്കുന്നത്. കരട് പ്ലാൻ വീണ്ടും വികസന സെമിനാറിൽ അവതരിപ്പിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയും ചെയ്യുന്നു. ഇതേ തുടർന്ന് അതത് നഗരസഭകൾ കരട് പ്ലാനുകൾ പ്രസിദ്ധീകരിക്കുകയും അതിന്മേൽ ലഭിക്കുന്ന ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ ഭേദഗതികളോടെ സർക്കാർ അംഗീകൃതമാക്കുന്നതിനുള്ള നിയമ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രക്രിയ, സമയം കൂടുതൽ ആവശ്യമുള്ള (time consuming) ഒന്നാണ്. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെയാണ് നഗരസഭകൾ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. .മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വകുപ്പു തലത്തിലും സർക്കാർ തലത്തിലും കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്. എന്നാൽ നഗരസഭകളുടെയും ജനപ്രതിനിധികളുടെയും ഈ വിഷയത്തിലുള്ള താല്പര്യം വളരെ നിർണ്ണായകമാണ്. |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ നടപ്പാക്കിവരുന്ന പ്രധാന മാസ്റ്റർ പ്ലാനുകൾ ഏതെല്ലാമാണ്; ഇവയുടെ പുരോഗതി വിശദമാക്കുമോ; | (സി) | സംസ്ഥാനത്തെ നഗരങ്ങൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലേയ്ക്കായി സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻസ് ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം എന്ന സംസ്ഥാന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾ പ്പെടുത്തി 31 പട്ടണപ്രദേശങ്ങളുടെ മാസ്റ്റർ പ്ലാനുകളും, രണ്ടാം ഘട്ടത്തിൽ ഉൾ പ്പെടുത്തി 29 പട്ടണങ്ങളുടെ മാസ്ററർ പ്ലാനുകളുമാണ് തയ്യാറാക്കിയത്/തയ്യാറാക്കിക്കൊണ്ടിരിതക്കുന്നത്. ഇത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br>ഇതനുസരിച്ച് ആദ്യഘട്ടത്തിലെ 31 മാസ്റ്റർ പ്ലാനുകളിൽ 5 മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 12 മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചതിനു ശേഷമുള്ള വിവിധ നടപടിക്രമങ്ങളിലാണ്. 13 മാസ്റ്റർ പ്ലാനുകളുടെ കരട് പ്ലാനുകളുടെ കരട് തയ്യാറാക്കി പ്രസിദ്ധീകരണത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നു. ഇവയിൽ ഒരു മാസ്റ്റർ പ്ലാനിന്റെ (നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തിന്റെ) തയ്യാറാക്കലിന്റെ അന്തിമ ഘട്ടത്തിലാണ്. രണ്ടാംഘട്ടത്തിലെ 29 മാസ്റ്റർ പ്ലാനുകളിൽ 8 പ്ലാനുകളുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. 9 മാസ്റ്റർ പ്ലാനുകൾ കൺസപ്റ്റ് പ്ലാൻ പൂർത്തിയാക്കി മാസ്റ്റർ പ്ലാൻ നിർ ദ്ദേശങ്ങളും, റിപ്പോർട്ടും തയ്യാറാക്കി വരുന്നു. 8 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പഠന വിശകലനങ്ങൾ പൂർത്തിയായിട്ടുണ്ട്. ബാക്കി നാലു മാസ്റ്റർ പ്ലാനുകളുടെ വിവര ശേഖരണ/വിശകലനങ്ങൾ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | മാസ്റ്റർ പ്ലാനുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ ഇതിനകം തന്നെ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ലക്ഷ്യത്തോടെ സർക്കാർ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖകൾ (G.O.(Rt)No.2766/2009/LSGD, Dated 24.10.09,G.O(Rt) No.2767/2009/LSGD, Dated 24.10.09 എന്നിവ) പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ ഭാഗങ്ങളിൽ അധികമായി ആവശ്യമായി വരുന്ന ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും, ആവശ്യമെങ്കിൽ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവർത്തനങ്ങൾ ഔട്ട്സോഴ്സ് ചെയ്യുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ പരിശീലന പരിപാടികൾ / വർക്ക് ഷോപ്പുകൾ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. സമയബന്ധിതമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന് സഹായകമാകും വിധം വിവിധ ടൂൾ കിറ്റുകൾ, ഗൈഡ് ലൈനുകൾ മാതൃകകൾ എന്നിവ നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതോടൊപ്പം പദ്ധതിയുടെ പ്രവർത്തന പുരോഗതി ക്രമമായി സർക്കാർ തലത്തിലും വകുപ്പ് തലത്തിലും വിലയിരുത്തുന്നുണ്ട്. തുടർന്നും ഇത്തരത്തിലുള്ള ക്രമമായ അവലോകനങ്ങൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. |

Vijeem

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**